പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1535 21.03.2012- ലെ മറുപടിക്ക്

## സ്വപ്നസാഫല്യ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വി. റ്റി. ബൽറാം<br>ശ്രീ.ഹൈബി ഈഡൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസികൾക്കായുള്ള സ്വപ്നസാഫല്യ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (എ) ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഗൾഫ് നാട്ടുകളിലെ ജയിലിൽ നിന്ന് മോചിതരാകുന്നവർക്ക് ഈ പദ്ധതി വഴി എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്; | (ബി) ഗൾഫ് നാട്ടുകളിൽ ചെറിയ വീഴ്ചകൾ മൂലം ജയിലിലും മറ്റും കഷ്ടത അനുഭവിക്കുന്ന നിരപരാധികളായ പ്രവാസി കേരളീയരെ ജയിൽമോചിതരാക്കുന്നതിനും നാട്ടിൽ തിരിച്ചെത്തിക്കുന്നതിനും സഹായിക്കുന്നതിലേയ്ക്കാണ് സ്വപ്ന സാഫല്യം പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ഇപ്പോൾ സൌദി അറേബ്യയിലാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | (സി) സൌദി അറേബ്യയിലെ പ്രമുഖ മലയാളി വ്യവസായ സംരംഭമായ ഐ. റ്റി. എൽ & ഇറാം ഗ്രൂപ്പിന്റെ സഹകരണത്തോടെ നോർക്ക – റൂട്ട്സ് ആണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) ജയിലിൽ കഴിയുന്ന പ്രവാസികൾക്ക് നിയമ സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ |

എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് അവരുടെ മോചനത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആവശ്യമായ കേസുകളിൽ നിയമസഹായം നൽകാനും എംബസിയോട് അഭ്യർത്ഥിക്കാറുണ്ട്. വിദേശങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റ് നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ ഏയ്ഡ് സെൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ